പൂർവ വിദ്യാർഥിനിയുടെ കുടും
ബമായ ചെല്ലാനം കളത്തറ തൈ

സംസാരിച്ചു.

പങ്കെടുത്തു.

## ജില്ല ത്രോബാൾ മത്സരം നടന്നു

# ശ്രീ ഗുജറാത്തി സ്പോർട്സ് അക്കാദമിയും കരിമ്പാടം ഡി.ഡി.സഭയും ചാമ്പ്യന്മാർ



ജൂനിയർ വിഭാഗം ചാമ്പ്യൻഷിപ് കരസ്ഥമാക്കിയ ടീമുകൾ ട്രോഫിയുമായി

ഫോർട്ട്കൊച്ചി: ജില്ല ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മട്ടാഞ്ചേരി ശ്രീ കൊച്ചിൻ ഗുജറാത്തി സ്പോർട്സ് അക്കാദമി ചാമ്പ്യൻമാരായി. കലാശ ക്കളിയിൽ കരിമ്പാടം ഡി.ഡി സഭ ക്ലബിനെയാണ് ഇവർ പരാജയപ്പെടുത്തിയത്. മട്ടാഞ്ചേരി ശ്രീ ഗുജറാത്തി വിദ്യാലയ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

പെൺകുട്ടികളുടെ വിഭാഗത്തിൽ ഫോർട്ട് കൊച്ചി ഫാത്തിമ ഗേൾസ് അക്കാദമിയെ പരാജയപ്പെടുത്തി കരിമ്പാടം ഡി.ഡി സഭ ക്ലബ് ചാമ്പ്യൻഷിപ് കരസ്ഥമാക്കി. തിരുവാണിയൂർ സ്റ്റെല്ല മേരീസ് ക്ലബ് മൂന്നാം സ്ഥാനക്കാരായി. പ്രഥമ മിനി വിഭാഗം ത്രോബാൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ തിരുവാണിയൂർ സ്റ്റെല്ല മേരീസ് സ്കൂളിനാണ് കിരീടം. ഫൈനൽ മത്സരത്തിൽ ഫോർട്ട് കൊച്ചി ഡെൽറ്റ സ്റ്റഡി സ്കൂളിനെ പരാജയപ്പെടുത്തിയാണ് ഇവർ കപ്പിൽ മുത്തമിട്ടത്. തിരുവാണിയൂർ സ്റ്റെല്ല മേരീസ് ക്ലബ് മൂന്നാം സ്ഥാനം കരസ്ഥമാക്കി. പെൺകുട്ടികളുടെ വിഭാഗത്തിൽ തിരുവാണിയൂർ കൊച്ചിൻ റിഫൈനറി സ്കൂൾ ചാമ്പ്യൻഷിപ് കരസ്ഥമാക്കി. തിരുവാണിയൂർ സ്റ്റെല്ല മേരീസ് കോൺവെന്റ് ക്ലബിനെയാണ് ഫൈനലിൽ പരാജയപ്പെടുത്തിയത്. ഫോർട്ട്കൊച്ചി യാക്ക് സ്പോർട്സ് ക്ലബ് മൂന്നാം സ്ഥാനം കരസ്ഥമാക്കി. ഡെൽറ്റ സ്റ്റഡി സ്കൂൾ പ്രിൻസിപ്പൽ അനിത കുരിയപ്പൻ വിജയികൾക്ക് സമ്മാനദാനം നിർവഹിച്ചു. ത്രോബാൾ ഫെഡറേഷൻ ഓഫ് ഇന്ത്യ എക്സിക്യൂട്ടിവ് അംഗം കെ.എം. ഷാഹുൽ ഹമീദ് അധ്യക്ഷത വഹിച്ചു.

ഒബ്സർവർമാരായ അഡ്വ. കെ.എ. സലീം, എം.എസ് ബിജിൻ, സംസ്ഥാന ഇന്ത്യൻ സ്റ്റൈൽ ഗുസ്തി അസോസിയേഷൻ സെക്രട്ടറി എം.എം. സലീം, പി.ബി. മോൻസി, വിനു ചന്ദ്രൻ, എം.എം നദീറ, പി.എസ്. അനീർ എം.എച്ച്. ബിജു എന്നിവർ സംസാരിച്ചു. സീനിയർ വൈസ് പ്രസിഡന്റ് എം.എച്ച്. ബിജു നന്ദി പറഞ്ഞു



എറണാകുളം ജില്ലാ ജൂനിയർ ത്രോ ബോൾ ചാംപ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ചാംപ്യൻഷിപ് നേടിയ കരിമ്പാടം ഡിഡി സഭ ക്ലബ് ടീം.



എറണാകുളം ജില്ലാ ജൂനിയർ ത്രോ ബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചാംപ്യന്മാരായ മട്ടാഞ്ചേരി ഗുജറാത്തി സ്പോർട്സ് അക്കാദമി ടീം.

# മട്ടാഞ്ചേരി ഗുജറാത്തി സ്പോർട്സ് അക്കാദമി, കരിമ്പാടം ഡിഡി സഭ ചാംപ്യന്മാർ

**ഫോർട്ട്കൊച്ചി •** ജില്ലാ ജൂനിയർ ത്രോ ബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ കരിമ്പാടം ഡിഡി സഭ ക്ലബ്ബിനെ പരാജയപ്പെടുത്തി മട്ടാഞ്ചേരി ഗുജറാത്തി സ്പോർട്സ് അക്കാദമി ചാംപ്യന്മാരായി (2-0). കരുവേലിപ്പടി ഫ്രൻഡ്സ് ക്ലബ്ബിനെ പരാജയപ്പെടുത്തി മട്ടാഞ്ചേരി ഗുജറാത്തി വിദ്യാലയ മൂന്നാം സ്ഥാനം നേടി.

പെൺകുട്ടികളുടെ വിഭാഗത്തിൽ ഫോർട്ട്കൊച്ചി ഫാത്തിമ ഗേൾസ് അക്കാദമിയെ പരാജയപ്പെടുത്തി കരിമ്പാടം ഡിഡി സഭ ക്ലബ് ചാംപ്യന്മാരായി(2-0). തേവര ഹാർട്ട്യൻസ് ക്ലബ്ബിനെ പരാജയപ്പെടുത്തി തിരുവാണിയൂർ സ്റ്റെല്ല മേരീസ് ക്ലബ് 3-ാം സ്ഥാനം നേടി.

ജില്ലാ മിനി ത്രോ ബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ഫോർട്ട്കൊച്ചി ഡൽറ്റ സ്റ്റഡി സ്കൂളിനെ പരാജയപ്പെടുത്തി തിരുവാണിയൂർ സ്റ്റെല്ല മേരീസ് സ്കൂൾ ചാംപ്യന്മാരായി. തിരുവാണിയൂർ സ്റ്റെല്ല മേരീസ് ക്ലബ് 3-ാം സ്ഥാനം കരസ്ഥമാക്കി.

പെൺകുട്ടികളുടെ വിഭാഗത്തിൽ തിരുവാണിയൂർ സ്റ്റെല്ല മേരീസ് കോൺവന്റ് ക്ലബ്ബിനെ പരാജയപ്പെടുത്തി തിരുവാണിയൂർ കൊച്ചിൻ റിഫൈനറി സ്കൂൾ ചാംപ്യൻഷിപ് നേടി. ഫോർട്ട്കൊച്ചി യാക്ക് സ്പോർട്സ് ക്ലബ്ബിനാണ് 3-ാം സ്ഥാനം.

ഡൽറ്റ സ്റ്റഡി സ്കൂൾ പ്രിൻസിപ്പൽ അനിത കുരിയപ്പൻ സമ്മാനം നൽകി.

കെ.എം.ഷാഹുൽ ഹമീദ് അധ്യക്ഷത വഹിച്ചു. കെ.എ.സലിം, എം.എസ്.ബിജിൻ, എം.എം. സലിം, പി.ബി.മോൻസി, പി.എസ്.അനീർ തുടങ്ങിയവർ പ്രസംഗിച്ചു.

# ത്രോബോൾ ജില്ല മത്സരം മാറ്റി

**മട്ടാഞ്ചേരി:** നോർത്ത് പറവൂരിലെ കരിമ്പാടം ഡി.ഡി.എസ്.എച്ച്.എസ് സ്കൂളിൽ 11ന് നടത്താനിരുന്ന എറണാകുളം ജില്ല ജൂനിയർ, മിനി വിഭാഗം ത്രോബോൾ ചാമ്പ്യൻഷിപ് സാങ്കേതിക കാരണങ്ങളാൽ ഞായറാഴ്ച ഫോർട്ട്കൊച്ചി ഡെൽറ്റാ സ്റ്റഡി സ്കൂൾ മൈതാനത്തേക്ക് മാറ്റിയതായി ജില്ല അസോസിയേഷൻ സെക്രട്ടറി പി.എസ്. അനീർ അറിയിച്ചു.

# ത്രോ ബോൾ ചാംപ്യൻഷിപ്

മട്ടാഞ്ചേരി● എറണാകുളം ജില്ലാ ജൂനിയർ ത്രോ ബോൾ ചാംപ്യൻഷിപ്പും ജില്ലാ മിനി ത്രോ ബോൾ ചാംപ്യൻഷിപ്പും 6, 7 തീയതികളിൽ പറവൂർ കരിമ്പാടം ഡിഡിഎസ്എച്ച്എസ് മൈതാനിയിൽ നടത്തും. ടീമുകൾ 3നു മുൻപു റജിസ്റ്റർ ചെയ്യണം. 9633088615.

# ത്രോബോൾ ജില്ല ചാമ്പ്യൻഷിപ്പ്

**മട്ടാഞ്ചേരി:** ജില്ല ജൂനിയർ, പ്രഥമ ജില്ല മിനി ത്രോബാൾ ചാമ്പ്യൻഷിപ്പ് സെപ്റ്റംബർ ആറ്, ഏഴ് തീയതികളിൽ വടക്കൻ പറവൂർ കരിമ്പാടം ഡി.ഡി.എസ്.എച്ച്.എസ് സ്കൂളിൽ നടക്കും. സെപ്റ്റംബർ മൂന്നിന് മുമ്പ് പ്ലേയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ്സൈറ്റിൽ പൂർത്തിയാക്കണം.